II ഇ.ബി. XIV-കേരള നിയമസഭ /II-17

**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2016 ഒക്ടോബർ 31, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

51 (*601) സൈബർ കുറ്റകൃത്യങ്ങൾ

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഐ.റ്റി.മേഖല ശക്തിപ്പെടുത്തുന്നതിനും ആധുനീകരണ ഗവേഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമുള്ള പദ്ധതികളും ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സൈബർ കുറ്റാന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യവും പരിഗണനയിലാണെന്ന് സഭയെ അറിയിച്ചു. എല്ലാ ജില്ലകളിലും സൈബർ സെല്ലുകളും തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും പോലീസ്

ആസ്ഥാനത്ത് ഒരു ഹൈടെക് എൻക്വയറി സെല്ലും ടെക്നോപാർക്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സൈബർ ഡോമും പ്രവർത്തിച്ചുവരുന്നതായി മന്ത്രി വ്യക്തമാക്കി. കേസ് അന്വേഷണത്തിൽ C-DAC, CERT-K, FSL, IT Mission, Cyber Dom എന്നീ വിഭാഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. പോലീസ് സേനയ്ക്കായി ആധുനിക സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം സൈബർ ഡോം നൽകിവരുന്നു. ട്രാഫിക് സുരക്ഷ മുൻനിർത്തി Think Traffic Mobile Application വികസിപ്പിക്കുകയും Reserve Bank of India-യുമായി ചേർന്ന് ATM/OTP/Mobile wallet തട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അന്തർദേശീയാടിസ്ഥാനത്തിൽ രാജ്യങ്ങൾ തമ്മിൽ കോ-ഓർഡിനേറ്റ് ചെയ്യുന്ന നിയമങ്ങൾ നിലവിലില്ലെന്നും പാർലമെന്റ് പാസ്സാക്കിയ The Information Technology Act-2000-ഉം അതിന് 2008-ൽ കൊണ്ടുവന്ന ഭേദഗതിയുടെയും അടിസ്ഥാനത്തിലാണ് സൈബർ കുറ്റങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും ഇതനുസരിച്ച് 1273 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 71 എണ്ണം എ.റ്റി.എം തട്ടിപ്പുമായി ബന്ധപ്പെട്ടതാണെന്നും മന്ത്രി വ്യക്തമാക്കി. ദി ഇൻഡ്യൻ ടെലഗ്രാഫ് ആക്ട് പ്രകാരം രാഷ്ട്ര സുരക്ഷ, ജനങ്ങൾക്ക് സേവനം നൽകൽ എന്നിവയ്ക്കെതിരായ കേസുകളിൽ സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ അനുമതിയോടെ മാത്രമേ ഫോൺ

ചോർത്തൽ അനുവദിക്കുകയുള്ളൂ. ഒളിക്യാമറകളുടെ നിർമ്മാണം, വിതരണം എന്നിവ സംബന്ധിച്ച വിവരം ലഭിച്ചാൽ ശക്തമായ നടപടി സ്വീകരിക്കുമെന്നും സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അവബോധം വളർത്തുന്നതിന് ഈ വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ആലോചിക്കുമെന്നും കൂടുതൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

52(*602) <u>റേഷൻ മൊത്തവ്യാപാര വിതരണം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, എഫ്.സി.ഐ. ഗോഡൗണിൽനിന്നും മധ്യതല സംഭരണശാലകളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ തൂക്കം സ്റ്റോക്കെടുക്കുന്ന സമയത്തുതന്നെ അതാത് മധ്യതല സംഭരണശാലകളിലെ കമ്പ്യൂട്ടറിൽ ലഭ്യമാക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തുമ്പോൾത്തന്നെ ഗുണഭോക്താവിന്റെ ഫോണിൽ എസ്.എം.എസ്. ചെയ്യുന്നതിനും എഫ്.സി.ഐ. ഗോഡൗണിൽനിന്നുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച് അവയുടെ നീക്കം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു.

ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) തയ്യാറാക്കിയിട്ടുണ്ട്. 2016 നവംബർ മാസത്തോടെ ടി പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിലും 2017 ഏപ്രിൽ 1-ാം തീയതിയോടെ സംസ്ഥാനത്തുടനീളവും നടപ്പാക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ സമ്പ്രദായവും വിതരണ ശൃംഖല മാനേജ്മെന്റ് സംവിധാനവും നടപ്പാക്കുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. റേഷൻ കാർഡിലെ അപാകതകൾ സംബന്ധിച്ച് ഏഴ് ലക്ഷത്തിൽപ്പരം പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തി വെരിഫിക്കേഷൻ കമ്മിറ്റികളും ജില്ലാതല അപ്പലേറ്റ് സമിതിയും രൂപീകരിച്ചിട്ടുണ്ടെന്നും ബ്ലോക്കുതല സംഭരണശാലകൾ ഘട്ടം ഘട്ടമായി നിർമ്മിക്കുമെന്നും റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിനും നവീകരിക്കുന്നതിനുമാവശ്യമായ പദ്ധതികൾ ആലോചിച്ചുവരുന്നുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

53 (*603) <u>സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഹോട്ടലുകൾ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സിവിൽ

സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യസാധനങ്ങൾ നൽകുന്ന ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ലെന്നും ശബരിമല സീസണിൽ ജില്ലാ ഭരണകൂടങ്ങളുടെ ന്യായവില ഹോട്ടലുകൾ പ്രവർത്തിക്കുകയാണെങ്കിൽ അവയ്ക്ക് സപ്ലൈകോ ബൾക്ക് നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുമെന്നും സഭയെ അറിയിച്ചു. ശബരിമല സീസണുമായി ബന്ധപ്പെട്ട് കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ഹോട്ടലുടമകളുടെ യോഗം വിളിച്ച് ഭക്ഷണസാധനങ്ങളുടെ വില ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ പോലുള്ള സംഘടനകൾ മുന്നോട്ടുവന്നാൽ സഹായകരമായ നിലപാട് സ്വീകരിക്കുമെന്നും സപ്ലൈകോവഴി നൽകുന്ന 13 ഇന സാധനങ്ങളുടെ വില ഉയർത്തില്ലെന്നും മായം ചേർക്കൽ തടയുന്നതിന് മൊബൈൽ ലാബുകൾ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

54 (*604) ഭക്ഷ്യ ഭദ്രതാ നിയമം - ഫുഡ് അലവൻസ്

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2013-ലെ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ വകുപ്പ് (8) പ്രകാരം നിയമം വ്യവസ്ഥചെയ്യുന്ന ഭക്ഷ്യ/പോഷകാഹാര വിഹിതം ഗുണഭോക്താക്കൾക്ക് നൽകാൻ പറ്റാത്ത സാഹചര്യത്തിൽ, നിഷേധിക്കപ്പെടുന്ന പ്രയോജനം ഭക്ഷ്യ ഭദ്രതാ അലവൻസായി

(Food Security allowance) ഓരോ വ്യക്തിക്കും അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഇതുപ്രകാരം കേന്ദ്രസർക്കാർ ഫുഡ് സെക്യൂരിറ്റി അലവൻസ് റൂൾസ്, 2015 എന്ന പേരിൽ പ്രത്യേക ചട്ടം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആധാർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്ന പ്രക്രിയ പൂർത്തിയാക്കി മറ്റ് സർക്കാർ വകുപ്പുകളുടെ ഡാറ്റാ ബേസ് പൊതുവിതരണ വകുപ്പിന്റെ ഡാറ്റാ ബേസുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായും 2016-17 ലെ ബഡ്ജറ്റിൽ റേഷൻ കടകളെ നവീകരിക്കാനും അവയെ ന്യായവില ഷോപ്പുകളാക്കി രൂപമാറ്റം വരുത്താനുമുള്ള നിർദ്ദേശം പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പ്രയോറിറ്റി ലിസ്റ്റിലുള്ള ഒരു കുടുംബത്തിലെ ഒരംഗത്തിന് 5 കിലോ ഭക്ഷ്യധാന്യം പുതിയ സംവിധാനത്തിലൂടെ ലഭിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**<u>തിരുത്തിയ ഉത്തരം</u>**

273-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടി തിരുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി 2016 ഒക്ടോബർ 28-ന് സഭയിൽ സമർപ്പിച്ചത്

(*273) <u>സംയോജിത നീർത്തട പരിപാലന പദ്ധതി</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ്

തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, സ്വതന്ത്ര പദ്ധതിയായിരുന്ന സംയോജിത നീർത്തട പരിപാലന പദ്ധതി (IWMP) ഇപ്പോൾ PMKSY-യുടെ നാല് ഘടകങ്ങളിൽ ഒന്നായി പരിണമിച്ചിരിക്കുകയാണെന്ന് സഭയെ അറിയിച്ചു. നീർത്തട പരിപാലന പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ 2760 Joint Liability Group (J.L.G) കൾക്ക് 7,41,00,000/- രൂപ പ്രാരംഭ മൂലധനമായി നൽകിയിട്ടുണ്ടെന്നും മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കലും കാർഷിക മേഖലയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കലും ഗ്രാമീണ ജനതയുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തലുമാണ് സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. ഇതിന്റെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ Water Shed Development Team (WDT) -ഉം ജില്ലാതലങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള Water Shed Cell Cum Data Centre (WCDC) -ഉം രൂപീകരിച്ച് പദ്ധതിനിർവ്വഹണം കാര്യക്ഷമമാക്കുന്നു. 83 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഈ വർഷം ഏകദേശം 304 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും സംയോജിത നീർത്തട പരിപാലന

പദ്ധതി ആയിരുന്നപ്പോൾ കേന്ദ്ര സംസ്ഥാന വിഹിതം 90:10 ആയിരുന്നത് പി.എം.കെ.എസ്.വൈ. ആയപ്പോൾ 60:40 ആയെന്നും ഇതിൽ 9 ശതമാനം ജീവനോപാധികൾക്കും 10 ശതമാനം ഭരണച്ചെലവിനും 56 ശതമാനം മണ്ണുജല സംരക്ഷണത്തിനും 10 ശതമാനം കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും 5 ശതമാനം മറ്റ് ചെലവുകൾക്കും നീക്കിവയ്ക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും സംസ്ഥാനത്തിന് ഈ വ്യവസ്ഥയിൽ മാറ്റംവരുത്താൻ സാധിക്കുകയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5191 മുതൽ 5460 വരെയുള്ള ചോദ്യങ്ങളിൽ 30 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)